**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1268** **15-10-2026-ൽ മറുപടിയ്ക്ക്**

**ടൂറിസം പദ്ധതികൾക്ക് ഉപപാട്ടം നൽകുന്നത്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. ആർ. അനിൽ

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** നെടുങ്ങാട് മണ്ഡലത്തിൽ തിരുവനന്തപുരം താലൂക്കിലെ അണ്ടൂർക്കോണം വില്ലേജിൽപ്പെട്ട 12.76 ഏക്കർ ആനത്താഴ്ച്ചിറ ജലസംഭരണിയും അതിനോട് ചേർന്ന 4 ഏക്കർ ഭൂമിയും വെള്ളാണിക്കൽ പാറമുകളിൽപ്പെട്ട 9.37 ഏക്കർ ഭൂമിയും ഉടമസ്ഥാവകാശം മാതൃവകുപ്പുകളിൽ നിലനിർത്തിക്കൊണ്ട് ടൂറിസം പ്രോജക്ടുകൾ നടപ്പിലാക്കാൻ വിനോദസഞ്ചാര വകുപ്പിന് കൈമാറി ഉത്തരവായിരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

**(ബി)** പ്രസ്തുത ഭൂമികളിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ വിനോദസഞ്ചാര പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് സർക്കാർ ഉത്തരവുകളിലെ (സ.ഉ. (കൈ) നം. 96/2025/ആർ.ഡി.,സ.ഉ. (കൈ) നം. 112/2025/ആർ.ഡി.) പാട്ടം, ഉപ-പാട്ടം എന്നിവ വിലക്കിക്കൊണ്ടുള്ള നിബന്ധനകൾ തടസ്സം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

**(സി)** പ്രസ്തുത വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ട് ഉപയോഗാനുമതി/ഉപ-പാട്ടം നൽകുവാൻ തക്കവണ്ണം ഉത്തരവുകളിൽ ഭേദഗതി വരുത്തണമെന്നാവശ്യപ്പെട്ട് വിനോദസഞ്ചാര വകുപ്പിൽ നിന്നും റവന്യൂ വകുപ്പിലേക്ക് കത്ത് നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച ഫയൽ നമ്പർ ഏതാണ്; ആയതിൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

**മറുപടി:** ഭൂമി ടൂറിസം വകുപ്പിന് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ ടി ഭൂമി പാട്ടം/ ഉപ പാട്ടം/ തറവാടകയ്ക്ക് നൽകരുതെന്ന വ്യവസ്ഥയുള്ളതിനാൽ ടി സ്ഥലത്ത് ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും ആയതിനാൽ സർക്കാരിന് വരുമാനമുണ്ടാകുന്ന വിധം കാര്യക്ഷമമായ രീതിയിൽ പൊതു സ്വകാര്യ പങ്കാളിത്ത മോഡലിൽ പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ ഉത്തരവിൽ ആവശ്യമായ ഭേദഗതി വരുത്തി ടി ഭൂമി ഉപ പാട്ടത്തിന് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന ടൂറിസം വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഉപപാട്ടം അനുവദിക്കേണ്ട വ്യക്തിയുടെ/ സ്ഥാപനത്തിന്റെ വിവരം ലഭ്യമാകുന്ന മുറക്ക് പാട്ടത്തിന് അനുവദിക്കുന്നതാണെന്നും ഉപ പാട്ടത്തിന് നൽകുന്ന സ്ഥാപനം സംബന്ധിച്ച വിവരം ലഭ്യമാകുന്ന മുറയ്ക്ക് പാട്ട വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി

നടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ് എന്നും 11.04.2025 ലെ സ.ഉ.(കൈ) നം.96/2025/ ആർ.ഡി ഉത്തരവിലെ ഖണ്ഡിക 4 ലെ നിബന്ധന (iii), ഭേദഗതി വരുത്തി 03.08.2026 ലെ സ.ഉ. (കൈ) നം 231/2026/RD പ്രകാരം ഉത്തരവായിരുന്നു. ഉപ പാട്ടം അനുവദിക്കേണ്ട വ്യക്തിയുടെ/ സ്ഥാപനത്തിന്റെ വിവരങ്ങൾ ലഭ്യമായിട്ടില്ല. റവന്യൂ വകുപ്പിന്റെ ഫയൽ നം. യു4/74/2024-റവ.

**(ഡി)** സമയബന്ധിതമായി ഉപ-പാട്ടം ഒഴിവാക്കി നൽകുന്നതിന് നേരിടുന്ന പ്രധാന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

**മറുപടി:** ആനത്താഴ്ച്ചിറ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ടൂറിസം വകുപ്പിന് ഉപയോഗാനുമതി മാത്രമാണ് നൽകിയിട്ടുള്ളത്. ഉപയോഗാനുമതി മാത്രം നൽകിയിട്ടുള്ള ഭൂമി സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് / ഉപ പാട്ടത്തിന് അനുവദിക്കുവാൻ കഴിയാത്തതാണ്.

ടി ഭൂമി പാട്ടത്തിന് അനുവദിക്കുകയാണെങ്കിൽ ആയത് റവന്യൂ വകുപ്പിലെ പാട്ട വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമാകുന്നതാണ്.

**സെക്ഷൻ ഓഫീസർ**